**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 330** **03-03-2023 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യസുരക്ഷാ സൂചിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ എ കെ എം അഷ്റഫ്,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം ഭക്ഷ്യസുരക്ഷാ സൂചികയിൽ ആറാം സ്ഥാനത്തേക്ക് പിൻതള്ളപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | Food Safety Index ൽ പറയുന്ന 5 ഘടകങ്ങൾ ഉൾപ്പെടുത്തിയാണ് ഭക്ഷ്യസുരക്ഷാ സൂചികയിൽ സംസ്ഥാനങ്ങളെ വിലയിരുത്തുന്നത്.<br><br>Human Resources & Institutional Data<br><br>Compliance<br><br>Food testing infrastructure and surveillance<br><br>Training and Capacity building<br><br>Consumer empowerment and FSSAI initiatives<br><br>ഓരോ ഘടകത്തിനും ലഭിയ്ക്കുന്ന പോയിന്റിന്റെ ആകെ തുകയാണ് റാങ്ക് നിശ്ചയിക്കാൻ അടിസ്ഥാനമാക്കുന്നത്.<br><br>Food Safety Index ന് പരിഗണിക്കുന്ന സമയത്ത് ഭക്ഷ്യ സുരക്ഷാ ഓഫീസർമാരുടെ ഒഴിവുകൾ ഉണ്ടായിരുന്നു. ഇത് ഇപ്പോൾ പി.എസ്.സി വഴി നികത്തിയിട്ടുണ്ട്.<br><br>2019 ൽ ആരംഭിച്ച സേവ് ഫുഡ് ഷെയർ ഫുഡ് എന്ന പദ്ധതിയിലൂടെ ലക്ഷ്യമിട്ടുന്നത് ഭക്ഷണം ഷെയർ ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുക, ഭക്ഷണ നഷ്ടം ഒഴിവാക്കുക, ഭക്ഷണം പാഴാകുന്നത് തടയുക എന്നീ പ്രധാന ലക്ഷ്യങ്ങളാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഭക്ഷണത്തിന് ബുദ്ധിമുട്ടുന്നവരുടെ എണ്ണം കേരളത്തിൽ കുറവാണെന്നുള്ളതും, നിലവിൽ ഭക്ഷണ വിതരണം ചെയ്യുന്ന നിരവധി സംഘടനകൾ സംസ്ഥാനത്തുള്ളതും പ്രസ്തുത പദ്ധതി പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. |

RDO കോടതിയിൽ പരിഗണനയിൽ ഉള്ള അഡ്ജുഡിക്കേഷൻ കേസുകളിലെ തീർപ്പാക്കൽ നിരക്ക് കുറവായത് റാങ്കിംഗിനെ ബാധിച്ചിട്ടുണ്ട്. തീർപ്പാക്കാൽ ത്വരിതപ്പെടുത്താൻ ഭക്ഷ്യസുരക്ഷാ കമ്മീഷണർ നടപടി സ്വീകരിച്ചുവരുന്നു.

പരിശോധനകൾ ഓൺലൈനായി കടകളിൽ വച്ചു തന്നെ നടത്തുന്നതിന് വേണ്ടി FSSAI 2017 ൽ ആരംഭിച്ച ഒരു പുതിയ മൊബൈൽ ആപ്ലിക്കേഷൻ പ്ലാറ്റ്ഫോം ആണ് FoSCoRIS ( Food Safety Compliance through Regular Inspection and Sampling). FoSCoRIS മുഖേന 2400 പരിശോധനകളാണ് FSSAI നിഷ്കർഷിക്കുന്നത്. ഇതിൽ കേരളം 2538 പരിശോധനകൾ നടത്തുകയും ചെയ്തു. യഥാർത്ഥത്തിൽ കഴിഞ്ഞവർഷം നാൽപ്പത്തിനാലായിരത്തിലധികം പരിശോധനകൾ നടത്തിയിരുന്നു. ആയതിൽ ഭൂരിഭാഗവും FoSCoRIS മുഖേന അല്ലാതിരുന്നത്തിനാൽ ഇവ റാങ്കിംഗിൽ പരിഗണിക്കുകയുണ്ടായില്ല. ഇത് അടുത്ത വർഷം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. FSSAI ലൈസൻസ്, രജിസ്ട്രേഷൻ എന്നിവയുടെ വർദ്ധനവ് 202 ശതമാനമാണ്.

Eat Right Challenge ൽ 4 ജില്ലകളാണ് തെരഞ്ഞെടുത്തത്. ടി 4 ജില്ലകളും മികച്ച പ്രകടനം കാഴ്ചവെച്ചതിനാൽ ജൂൺ 7 ലോക ഭക്ഷ്യ സുരക്ഷാ ദിനാചരണത്തിൽ FSSAI സംഘടിപ്പിച്ച പുരസ്കാര ദാന ചടങ്ങിൽ സംസ്ഥാനത്തിന് പ്രശംസാപത്രം ലഭിക്കുകയുണ്ടായി. FSSAI യുടെ സർട്ടിഫിക്കേഷൻ പദ്ധതികളായ Eat Right School, Eat Right Campus, Clean Street Food Hub, Clean Fruit & Vegetable Market, BHOG, Eat Right Campus ൽ സർട്ടിഫിക്കറ്റ് നേടിയതിലൂടെ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

503 Hygience Rating സർട്ടിഫിക്കേഷൻ പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന സ്ഥാപനങ്ങളിൽ സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നു. എന്നാൽ റാങ്കിംഗിന് പരിഗണിക്കുന്ന സമയത്ത് ഹോട്ടലുകൾക്ക് ഹൈജീൻ Rating നടപ്പിലാക്കിയിരുന്നില്ല. ഇതിനുള്ള പോയിന്റുകൾ സംസ്ഥാനത്തിന് ലഭിയ്ക്കുകയുണ്ടായില്ല.

Eat Right School, Clean Street Food Hub, Clean Fruit & Vegetable Market, BHOG, Eat Right station തുടങ്ങിയ പദ്ധതികൾ തദ്ദേശസ്വയംഭരണ വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, ദേവസ്വം

| | | | |
|---|---|---|---|
| | | | ബോർഡ്, റെയിൽവേ എന്നിവയുടെ സഹകരണത്തോടെ നടപ്പിലാക്കി ഉദ്ദേശലക്ഷ്യം കൈവരിക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ബി) | ഭക്ഷ്യവിഷബാധയും തുടർന്നുള്ള മരണങ്ങളും വർദ്ധിച്ച് വരുന്നുണ്ടോ; ഇക്കാരണത്താൽ ഭക്ഷ്യസുരക്ഷ വകുപ്പിന്റെ പ്രവർത്തനം തൃപ്തികരമല്ലെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ? | (ബി) | ഭക്ഷ്യ വിഷബാധ ഭക്ഷ്യ മേഖലയിൽ ഉണ്ടാകുന്ന ഒരു അപകടമാണ്. സംസ്ഥാനത്ത് ഹോട്ടൽ ഭക്ഷണത്തിൽ നിന്നും മറ്റും ഉള്ള ഭക്ഷ്യവിഷബാധയുണ്ടായ ചില സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ഒഴിവാക്കുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് കാര്യക്ഷമമായി പരിശോധനകളും ബോധവത്കരണ പരിപാടികളും, പരിശീലന പരിപാടികളും നടത്തി വരുന്നു. സംസ്ഥാനത്ത് അടുത്ത കാലത്ത് ഉണ്ടായ ചില ഒറ്റപ്പെട്ട സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധനകൾ കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രധാന ലക്ഷ്യം സുരക്ഷിതമായ ഭക്ഷണം ഉറപ്പാക്കുക എന്നതാണ്. അതിനായി നിയമപരമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ട്രെയിനിംഗ് പരിപാടികൾ എന്നീ മൂന്ന് മാർഗ്ഗങ്ങളാണ് വകുപ്പ് നടപ്പിലാക്കിവരുന്നത്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ലൈസൻസ്/ രജിസ്ട്രേഷൻ നൽകൽ, നിയമപരമായ സാമ്പിൾ ശേഖരിക്കൽ അഡ്ജ്യൂഡിക്കേഷൻ/ പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യൽ പഠന സംബന്ധമായ സാമ്പിൾ ശേഖരിക്കൽ, പരാതി അന്വേഷിച്ച് നടപടി സ്വീകരിക്കൽ തുടങ്ങിയ വിവിധ പരിപാടികൾ സ്വീകരിച്ച് വരുന്നു.<br><br>‘**നല്ല ഭക്ഷണം നാടിന്റെ അവകാശം**’ എന്ന ക്യാമ്പയിനിൽ ഉൾപ്പെടുത്തി ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി 2022 **ഏപ്രിൽ മുതൽ** 2023 **ജനുവരി** വരെയുള്ള കാലയളവിൽ 64692 ഭക്ഷ്യ പരിശോധനകൾ നടത്തുകയും, പ്രസ്തുത പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന 7414 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 5259 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും **1,8**3,04,500/- **രൂപ (ഒരു കോടി എൺപത്തി മൂന്ന് ലക്ഷത്തി നാലായിരത്തി അഞ്ഞൂറ് രൂപ മാത്രം**) പിഴ ചുമത്തുകയും ചെയ്തു. കൂടാതെ 6389 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ചതിൽ 454 സാമ്പിളുകൾ **Unsafe** ആയും 220 സാമ്പിളുകൾ **Substandard** |

| | | | |
|---|---|---|---|
| | | | ആയും, 301 സാമ്പിളുകൾ **Misbranded** ആയും പരിശോധനാ ഫലം ലഭ്യമായിട്ടുണ്ട്. നിലവിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് 1554 പ്രോസിക്യൂഷൻ കേസുകളും 1234 അഡ്ജൂഡിക്കേഷൻ കേസുകളും നിലവിലുണ്ട്. **2014** മുതൽ **2022** വരെയുള്ള കാലയളവിൽ 2302 അഡ്ജ്യൂഡിക്കേഷൻ കേസുകൾ തീർപ്പാവുകയും 7,48,65,300/- **രൂപ** (**ഏഴ് കോടി നാൽപ്പത്തി എട്ട് ലക്ഷത്തി അറുപത്തി അയ്യായിരത്തി മുന്നൂറ് രൂപ മാത്രം**) പിഴ വിധിയ്ക്കുകയും ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ഉണ്ടാകുന്ന ഭക്ഷ്യ വിഷബാധ പോലുള്ള അടിയന്തര ഘട്ടങ്ങളിൽ അന്വേഷിച്ച് ആവശ്യമായ തുടർനടപടികൾ എടുക്കുന്നതിനും കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്യുന്നതിനും മാർക്കറ്റിൽ മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ എത്തുന്നതിന് മുമ്പായി തന്നെ തടയുന്നതിനും രഹസ്യസ്വഭാവത്തോടുകൂടി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുമായി ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണറുടെ നേതൃത്വത്തിൽ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ